SAMAGRA PLUS

# SECOND TERM SAMPLE PRACTICE PAPER
## SOCIAL SCIENCE

**Time : $2^{1}/_{2}$ മണിക്കൂർ** **STD IX** **Score : 80**

**നിർദ്ദേശങ്ങൾ:**

ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ് .ചോദ്യങ്ങളും നിർദ്ദേശങ്ങളും വായിച്ച് മനസ്സിലാക്കിയതിനുശേഷം ഉത്തരമെഴുതുക .ഉത്തരം എഴുതുമ്പോൾ സ്കോർ. സമയം എന്നിവ പരിഗണിക്കണം

**1 മുതൽ 5 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതുക .ഓരോന്നിനും ഒരു സ്കോർ വീതം. (5x1=5)**

1.ആരുടെ ഭരണകാലത്താണ് 'ദ്രാവിഡശൈലി' എന്ന ദക്ഷിണേന്ത്യൻ ക്ഷേത്ര നിർമ്മാണ ശൈലി രൂപപ്പെട്ടത്?
(a) പാണ്ഡ്യർ (b) പല്ലവൻമാർ (c) ചോളൻമാർ (d) ശതവാഹനൻമാർ

2.രാഷ്ട്രപതിയുടെ രാജിയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന തിരഞ്ഞെടുക്കുക.

(a)രാഷ്ട്രപതി രാജിസമർപ്പിക്കേണ്ടത് ഉപരാഷ്ട്രപതിക്കാണ്
(b)രാഷ്ട്രപതി രാജിസമർപ്പിക്കേണ്ടത് പ്രധാനമന്ത്രിക്കാണ്
(c) രാഷ്ട്രപതി രാജി സമർപ്പിക്കേണ്ടത് ഗവർണർക്കാണ്
(d)രാഷ്ട്രപതി രാജി സമർപ്പിക്കേണ്ടത് ക്യാബിനറ്റ് മന്ത്രിക്കാണ്

3. ചുവടെ നൽകിയിരിക്കുന്നതിൽ ഏറ്റവും കൂടുതൽ കാപ്പി ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനം?
(a)കേരളം (b) തമിഴ് നാട് (c) കർണ്ണാടകം (d) ആന്ധ്രാപ്രദേശ്

4. സൂചനകളുടെ അടിസ്ഥാനത്തിൽ ഭരണഘടന സ്ഥാപനം ഏതാണെന്ന് എഴുതുക.

**സൂചന:**

ന്യൂഡൽഹിയാണ് കമ്മീഷന്റെ ആസ്ഥാനം.
ചെയർപേഴ്സൺ ഉൾപ്പെടെ ആറ് അംഗങ്ങളാണ് കമ്മീഷനിൽ ഉള്ളത്.
രാഷ്ട്രപതിയാണ് കമ്മീഷൻ അംഗങ്ങളെ നിയമിക്കുന്നത്.
1993 ഒക്ടോബർ 12 ന് നിലവിൽ വന്നു.

(a) ഇലക്ഷൻ കമ്മീഷൻ
(b) ദേശീയ പട്ടികജാതി - പട്ടികവർഗ കമ്മീഷൻ
(c) ദേശീയ ന്യൂനപക്ഷ കമ്മീഷൻ
(d) ദേശീയ മനുഷ്യാവകാശ കമ്മീഷൻ

5. തൃതീയ മേഖലയുമായി ബന്ധപ്പെട്ടതേത്?
(a) ഖനനം (b) വാർത്താവിനിമയം (c) മത്സ്യബന്ധനം (d) വൈദ്യുതി

**6 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 3 സ്കോർ വീതം (8x3=24)**

6.ഹരപ്പൻ സംസ്കാരത്തെ ഇന്ത്യ ചരിത്രത്തിൽ ഒന്നാം നഗരവൽക്കരണം എന്ന് വിശേഷിപ്പിക്കാനുള്ള കാരണങ്ങൾ എന്തെല്ലാം?

7. കാശ്മീർ ഹിമാലയത്തിൽ ദാൽ തടാകത്തിന് ഏറെ പ്രാധാന്യമുണ്ട്. വിശദമാക്കുക.

8.ഗുപ്ത ഭരണകാലത്ത് സംസ്കൃത സാഹിത്യത്തിന് രാജകീയ പ്രോത്സാഹനം ലഭിച്ചു. പ്രസ്താവന സാധൂകരിക്കുക.

9. താഴെ പറയുന്നവ എന്തെന്ന് വ്യക്തമാക്കുക
(a) വൃഷ്ടി പ്രദേശം (b) നീർത്തടം (c) ജലവിഭാജകം

10. ഒരു രാജ്യത്ത് നിലനിൽക്കുന്ന വിവിധതരം തൊഴിലില്ലായ്മകൾ ഏതെല്ലാം?

11.കേരളത്തിലെ ഉയർന്ന ആയുർദൈർഘ്യത്തിന് കാരണമാകുന്ന ഘടകങ്ങൾ ഏതെല്ലാം?

12. കൃത്യമായ സ്ഥിതിവിവരക്കണക്കുകളുടെ അഭാവം ദേശീയവരുമാനം കണക്കാക്കുന്നതിലെ ഒരു പരിമിതിയാണ്. മറ്റ് ഏതെങ്കിലും മൂന്ന് പരിമിതികൾ എഴുതുക.

13. ഇന്ത്യയിലെ അതിവിശാലമായ ഉഷ്ണ മരുഭൂമി ഏത്? ഇതിന്റെ ഏതെങ്കിലും രണ്ട് സവിശേഷതകൾ എഴുതുക.


14.'നീതിന്യായവിഭാഗം ഭരണഘടനയുടെ കാവലാൾ'എന്നറിയപ്പെടുന്നു. വ്യക്തമാക്കുക.

**15 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 10 എണ്ണത്തിന് ഉത്തരം എഴുതുക ഓരോന്നിനും നാല് സ്കോർ വീതം (10x4=40)**

15.ദേശീയ വനിതാകമ്മീഷന്റെ ചുമതലകൾ വിശദമാക്കുക.

16. ഡിസംബർ, ജനുവരി മാസങ്ങളിൽ ഉത്തരേന്ത്യൻ സമതലങ്ങളിൽ അതിശൈത്യം അനുഭവപ്പെടുന്നു. കാരണങ്ങൾ എന്തെല്ലാം?


17. ഭൂപടം നിരീക്ഷിച്ച് ചുവടെ നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക




a) ഉപദ്വീപീയ നദികളിൽ ഏറ്റവും നീളം കൂടിയത് ഏത്?
b) കൃഷ്ണ നദിയുടെ പ്രധാന പോഷക നദിയുടെ പേരെഴുതുക
c) മധ്യപ്രദേശ് ,മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ നദീതടം ഉൾക്കൊള്ളുന്നതും പടിഞ്ഞാറോട്ട് ഒഴുകുന്നതുമായ ഒരു നദിയുടെ പേരെഴുതുക
d) കർണ്ണാടകത്തിലെ ബ്രഹ്മഗിരി കുന്നുകളിൽ നിന്നും ഉദ്ഭവിക്കുന്ന നദിയേത്?

18.രാജ്യഭരണം നിർവഹിക്കുക എന്നത് മന്ത്രിസഭയുടെ ചുമതലകളിൽ ഒന്നാണ് .മറ്റു ചുമതലകൾ ലിസ്റ്റ് ചെയ്യുക.

19. വിദ്യാഭ്യാസം എപ്രകാരമാണ് രാജ്യപുരോഗതിക്ക് കാരണമാകുന്നത് എന്നതിനെ കാണിക്കുന്ന ചിത്രം നൽകിയിരിക്കുന്നു. ഇതിൽ വിട്ടുപോയവ കണ്ടെത്തി എഴുതുക.



20.ജനസംഖ്യാ ലാഭവിഹിതം, ജനസംഖ്യാ ലാഭവിഹിതത്തിന്റെ നേട്ടങ്ങൾ എന്നിവ വിശദമാക്കുക.

21. സംഘടിത അസംഘടിത മേഖലകളുടെ ഓരോ സവിശേഷതകൾ നൽകിയിരിക്കുന്നു.മറ്റ് സവിശേഷതകൾ കണ്ടെത്തി പട്ടിക പൂർത്തിയാക്കുക

| സംഘടിതമേഖല | അസംഘടിതമേഖല |
|---|---|
| രജിസ്റ്റർ ചെയ്യപ്പെട്ട തൊഴിൽ മേഖല | രജിസ്റ്റർ ചെയ്യപ്പെടാത്ത തൊഴിൽ മേഖല |
| ● | ● |
| ● | ● |

22. തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഘടന വിശദമാക്കുക.

23. A കോളത്തിന് അനുയോജ്യമായവ B കോളത്തിൽ നിന്നും തിരഞ്ഞെടുത്തു എഴുതുക.

| A | B |
|---|---|
| സ്വപ്ന വാസവദത്തം | അമരസിംഹൻ |
| അമരകോശം | ഭാസൻ |
| മത്തവിലാസ പ്രഹസനം | ശൂദ്രകൻ |
| മൃച്ഛകടികം | മഹേന്ദ്രവർമ്മൻ |

24. മരുഭൂമികളുടെ രണ്ട് വിഭാഗങ്ങൾ ഏതെല്ലാം? വിശദമാക്കുക.

25.ബുദ്ധമതവുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിരിക്കുന്നവ വിശദമാക്കുക.

(എ) സംഘങ്ങൾ
( ബി) സ്തൂപങ്ങൾ

26. 'മനുഷ്യമൂലധന രൂപീകരണവും ദാരിദ്ര്യവും' എന്ന ശീർഷകത്തിൽ ഒരു കുറിപ്പ് തയ്യാറാക്കുക

**27, 28 ചോദ്യങ്ങൾക്ക് നിർദ്ദേശാനുസരണം ഉത്തരം എഴുതുക.**

**27.(എ)** ഉപദ്വീപീയ പീഠഭൂമിയിൽ കാണപ്പെടുന്ന പ്രധാന മണ്ണിനങ്ങൾ ഏവ? ഏതെങ്കിലും രണ്ടെണ്ണത്തിന്റ സവിശേഷതകൾ വിശദമാക്കുക?

അല്ലെങ്കിൽ **(1x5=5)**

(ബി)ദേശീയവരുമാനം കണക്കാക്കുന്നതിനുള്ള രീതികൾ ഏതെല്ലാം? ഏതെങ്കിലും രണ്ട് രീതികൾ വിശദമാക്കുക.

**28. (എ)** ജനസംഖ്യാശാസ്ത്രത്തിന്റെ സൂചകങ്ങളായ കുടിയേറ്റം, പ്രായ ഘടന, ആശ്രിത അനുപാതം എന്നിവയെ കുറിച്ച് വിവരിക്കുക

അല്ലെങ്കിൽ **(1x6=6)**

( ബി) ദക്ഷിണേന്ത്യയിലേക്കുള്ള ഭൂമിദാനത്തിന്റെ വ്യാപനം സാമ്പത്തികരംഗത്ത് വരുത്തിയ മാറ്റങ്ങളെ കുറിച്ച് വിശദമാക്കുക

**XXXXXXXXXX**

SAMAGRA PLUS

## ANSWER KEY

1.(b) പല്ലവർ
2.(a) രാഷ്ട്രപതി രാജി സമർപ്പിക്കേണ്ടത് ഉപരാഷ്ട്രപതിക്കാണ്
3. (c) കർണ്ണാടകം
4.(d) ദേശീയ മനുഷ്യാവകാശ കമ്മീഷൻ
5. (b) വാർത്താവിനിമയം
6. ആസൂത്രിതമായ നഗരങ്ങൾ, കൈത്തൊഴിൽ,കച്ചവടത്തിന്റെ സാന്നിധ്യം, ആസൂത്രിതമായ വീടുകൾ തെരുവീഥികൾ, ചാലുകൾ, ധാന്യപ്പുരകൾ എന്നിവയുടെ സാന്നിധ്യം.
7. ശുദ്ധജലതടാകം, ശ്രീനഗർ പട്ടണം ഈ തടാകത്തിന്റെ കരയിൽ സ്ഥിതിചെയ്യുന്നു, വിനോദസഞ്ചാര - വാണിജ്യകേന്ദ്രം
8. സംസ്കൃതം ഭരണ ഭാഷയായിരുന്നു. ബുദ്ധമതക്കാർ പോലും സംസ്കൃതത്തിൽ രചനകൾ നടത്തി. സംസ്കൃത ഭാഷയിൽ നാടകങ്ങൾ, കാവ്യങ്ങൾ, വ്യാകരണം, നിഘണ്ടു തുടങ്ങിയവ ഇക്കാലത്ത് രചിക്കപ്പെട്ടു.
9. (a) ഒരു നദിയിലേയ്ക്ക് ജലം എത്തുന്ന നിശ്ചിത പ്രദേശം, (b) ഒരു നദിയും അതിന്റെ പോഷകനദികളും ഉൾപ്പെടുന്ന പ്രദേശം, (c) രണ്ട് നീർത്തടങ്ങളെ തമ്മിൽ വേർതിരിക്കുന്ന അതിർത്തി
10. പ്രകടമായ തൊഴിലില്ലായ്മ, ഘടനാപരമായ തൊഴിലില്ലായ്മ, കാലികമായ തൊഴിലില്ലായ്മ, പ്രച്ഛന്നതൊഴിലില്ലായ്മ

11. ഉയർന്ന സാക്ഷരതാ നിരക്കും ഉന്നത വിദ്യാഭ്യാസവും, ശുചിത്വം, ഭക്ഷ്യതയും പൊതുവിതരണവും, വികേന്ദ്രീകൃത പൊതുജനാരോഗ്യ നയം.
12. സാധനസേവനങ്ങളുടെ പണമൂല്യം ഒന്നിൽ കൂടുതൽ ഉൽപാദനഘട്ടങ്ങളിൽ രേഖപ്പെടുത്താനുള്ള സാധ്യത, ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളും സേവനങ്ങളും സ്വന്തം ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നത് ഇതിൽ ഉൾപ്പെടുന്നില്ല, വിപണിയിൽ വിലനിശ്ചയിക്കപ്പെടാത്ത സാധനങ്ങളും സേവനങ്ങളും സാധാരണയായി ദേശീയവരുമാനത്തിൽ കണക്കാക്കുന്നില്ല, ഗാർഹികജോലി ദേശീയവരുമാനത്തിൽ കണക്കാക്കുന്നില്ല.
13. ഥാർ മരുഭൂമി, ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ വടക്ക് പടിഞ്ഞാറായി സ്ഥിതി ചെയ്യുന്നു, രണ്ട് ലക്ഷത്തിൽപരം ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഈ മരുഭൂമിയുടെ ഏകദേശം 1.75 ചതുരശ്ര കിലോമീറ്ററും ഇന്ത്യയിലാണ്.
14 നിയമനിർമ്മാണ-കാര്യനിർമ്മാണ വിഭാഗങ്ങൾ ഭരണഘടന അനുസരിച്ച് പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നു. പൗരരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നു. ഭരണഘടന മൂല്യങ്ങൾ സംരക്ഷിക്കുന്നു.
15.സ്ത്രീകൾ നേരിടുന്ന അസമത്വങ്ങളെയും വിവേചനങ്ങളെയും ഇല്ലാതാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക ലിംഗ നീതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. സ്ത്രീകളെ ബാധിക്കുന്ന വിഷയങ്ങളിലെ നയരൂപീകരണത്തിൽ സർക്കാറുകൾക്ക് ഉപദേശം നൽകുക. സ്ത്രീസുരക്ഷയ്ക്കായുള്ള ഭരണഘടനാ വ്യവസ്ഥകളും നിയമങ്ങളും പരിശോധിക്കുക.

16. കാലാവസ്ഥയെ മിതപ്പെടുത്തുന്നു. സമുദ്രത്തിന്റെ സ്വാധീനത്തിൽ നിന്നും ഏറെ അകലെയാണ് ഉത്തരേന്ത്യൻ സമതലങ്ങളുടെ മിക്ക പ്രദേശങ്ങളും സ്ഥിതിചെയ്യുന്നത്.
ഹിമാലയൻ പർവതനിരകളിലെ മഞ്ഞുവീഴ്ച അതിശക്തമായ ശീതക്കാറ്റിന് കാരണമാകുന്നു.
പശ്ചിമേഷ്യയിൽ നിന്ന് വീശുന്ന ശീതക്കാറ്റ് ഉത്തരേന്ത്യൻ സമതലത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ ഹിമം, മൂടൽമഞ്ഞ്, ശീതതരംഗം എന്നിവയ്ക്ക് കാരണമാകുന്നു.
ഉത്തരാർധഗോളത്തിൽ നിന്നും ദക്ഷിണാർദ്ധഗോളത്തിലേയ്ക്കുള്ള സൂര്യന്റെ അയനം

17. ഗോദാവരി
തുംഗഭദ്ര
നർമ്മദ, താപ്തി
കൃഷ്ണ

18.നിയമനിർമ്മാണത്തിന് ചുക്കാൻ പിടിക്കുക. ദേശീയനയവും വിദേശനയവും രൂപീകരിക്കുക. ബില്ലുകളും ഓർഡിനൻസുകളും ഡ്രാഫ്റ്റ് ചെയ്യുക. വിവിധ ഡിപ്പാർട്ട്മെന്റുകളുടെ പ്രവർത്തനത്തെ ഏകോപിപ്പിക്കുക. ഭരണപരവും ക്ഷേമപരവുമായ മറ്റു നടപടികളും വിദേശ ബന്ധങ്ങളും നിർവഹിക്കുക.

19. A. കഴിവ് വർദ്ധിക്കുന്നു. B. നൈപുണിവികസനം. C. മെച്ചപ്പട്ട തൊഴിൽ,
D. മെച്ചപ്പെട്ട ജീവിത നിലവാരം

20.സജീവ പ്രായത്തിലുള്ളവരിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം തൊഴിലെടുക്കാത്തവരുടെ എണ്ണേത്തേക്കാൾ കൂടുതലാകുന്നതിനെ ജനസംഖ്യാലാഭവിഹിതം എന്ന് പറയുന്നു.

**നേട്ടങ്ങൾ**
രാജ്യത്തിന്റെ സാമൂഹിക സാമ്പത്തിക പുരോഗതി വർദ്ധിക്കുന്നു.
രാജ്യത്തിന്റെ ഉൽപ്പാദനക്ഷമത വർദ്ധിക്കുന്നു.
രാജ്യത്തിന് ഉയർന്ന മനുഷ്യവിഭവശേഷി ലഭിക്കുന്നു.
21.

| സംഘടിതമേഖല | അസംഘടിതമേഖല |
|---|---|
| രജിസ്റ്റർ ചെയ്യപ്പെട്ട തൊഴിൽ മേഖല | രജിസ്റ്റർ ചെയ്യപ്പെടാത്ത തൊഴിൽ മേഖല |
| • താരതമ്യേന കൂടിയ ശമ്പളം | • താരതമ്യേന കുറഞ്ഞ ശമ്പളം |
| • തൊഴിൽ സുരക്ഷിതത്വം | • തൊഴിൽ സുരക്ഷിതത്വമില്ലായ്മ |

22.മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രണ്ട് കമ്മീഷണർമാരും ചേർന്നതാണ്. അംഗങ്ങളെ രാഷ്ട്രപതി നിയമിക്കുന്നു.ആറു വർഷമോ അല്ലെങ്കിൽ 65 വയസ്സുവരെയാണ് കമ്മീഷൻ അംഗങ്ങളുടെ കാലാവധി, ഇംപീച്ച്മെന്റിലൂടെ മാത്രമേ തിരഞ്ഞെടുപ്പ് കമ്മീഷണറെ തലസ്ഥാനത്തുനിന്ന് നീക്കം ചെയ്യാൻ സാധിക്കു. തെരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് ചീഫ് ഇലക്ട്രോൽ ഓഫീസർ ആണ്.

23.

| A | B |
|---|---|
| സ്വപ്ന വാസവദത്തം | ഭാസൻ |
| അമരകോശം | അമരസിംഹൻ |
| മത്തവിലാസ പ്രഹസനം | മഹേന്ദ്രവർമ്മൻ |
| മൃച്ഛഘടികം | ശൂദ്രകൻ |

24. **ശീതമരുഭൂമികൾ**
ധ്രുവപ്രദേശങ്ങളിലും മിതശീതോഷ്ണ പ്രദേശങ്ങളിലെ പർവതങ്ങളിലും ഉയർന്ന പീഠഭൂമികളിലും വർഷം മുഴുവൻ മഞ്ഞ് മൂടിക്കിടക്കുന്ന, കൊടും തണുപ്പനുഭവപ്പെടുന്ന പ്രദേശങ്ങളാണ് ശീതമരുഭൂമികൾ

**ഉഷ്ണ മരുഭമികൾ**
പൊതുവെ 15 ഡിഗ്രിമുതൽ 30 ഡിഗ്രി വരെ അക്ഷാംശങ്ങൾക്കിടയിൽ വൻകരകളുടെ പടിഞ്ഞാറ് ഭാഗത്തായി കാണപ്പെടുന്ന വരണ്ടതും വളരെ ഉയർന്ന പകൽതാപനില അനുഭവപ്പെടുന്നതുമായ പ്രദേശങ്ങളാണ് ഉഷ്ണമരുഭൂമികൾ

25.**സ്തൂപങ്ങൾ**.
ബുദ്ധന്റെ ഭൗതിക അവശിഷ്ടങ്ങളോ ബുദ്ധൻ ഉപയോഗിച്ച വസ്തുക്കളോ അടക്കം ചെയ്ത സ്ഥലങ്ങളിൽ നിർമ്മിക്കുന്ന കെട്ടിടങ്ങളാണ് സ്തൂപങ്ങൾ.അർദ്ധ വൃത്താകൃതിയിലാണ് ഇവ നിർമ്മിച്ചിരിക്കുന്നത്. കൊത്തുപണികളാൽ സമ്പന്നമാണ് സ്തൂപങ്ങൾ.

**സംഘങ്ങൾ**
ബുദ്ധമത പ്രചാരണത്തിനായി സന്യാസിമാരുടെ സംഘങ്ങൾ രൂപീകരിച്ചിരുന്നു .ജാതി ലിംഗ പരിഗണനകൾ ഒന്നും കൂടാതെ എല്ലാവരെയും സംഘത്തിൽ ഉൾപ്പെടുത്തി. സംഘത്തിലെ സ്ത്രീകൾ ഭിക്ഷുണികൾ എന്നും പുരുഷന്മാർ ഭിക്ഷുക്കൾ എന്നുമാണ് അറിയപ്പെട്ടത്.

26. മനുഷ്യമൂലധനരൂപീകരണം നേരിടുന്ന പ്രധാന വെല്ലുവിളിയാണ് ദാരിദ്ര്യം. കുറഞ്ഞവരുമാനമാണ് മനുഷ്യനെ ദാരിദ്ര്യത്തിലേക്ക് തള്ളിവിടുന്നത്. കുറഞ്ഞവരുമാനം കാരണം മനുഷ്യന് വിദ്യാഭ്യാസം ആരോഗ്യം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾപോലും നിറവേറ്റാൻ കഴിയാതെ വരികയും അത് കൂടുതൽ ദാരിദ്ര്യത്തിലേക്ക് കൊണ്ടെത്തിക്കുകയും ചെയ്യുന്നു. ദാരിദ്ര്യത്തിന്റെ കാരണങ്ങളും അനന്തരഫലങ്ങളും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു.

27. (എ)കറുത്തമണ്ണ്, ചെമ്മണ്ണ്, ലാറ്ററൈറ്റ് മണ്ണ്, പർവതമണ്ണ്.
**കറുത്തമണ്ണ്**

ബസാൾട്ട് ലാവാശിലകൾക്ക് ദീർഘകാലത്തെ അപക്ഷയം സംഭവിച്ച് രൂപംകൊള്ളുന്നു. മഹാരാഷ്ട്ര, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ പ്രധാനമായും കർണ്ണാടകം, തെലുങ്കാന, ആന്ധ്രപ്രദേശ് , ഗുജറാത്ത്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ ഭാഗികമായും കാണപ്പെടുന്നു.

**ചെമ്മണ്ണ്**

ഉപദ്വീപീയ പീഠഭൂമിയിലെ പ്രാചീന പരൽരൂപ കായാന്തരിതശിലകൾക്ക് അപക്ഷയം സംഭവിച്ച് ഉണ്ടാകുന്നു. പൊതുവെ ചെമ്മണ്ണ് എന്ന് വിളിക്കുമെങ്കിലും ചിലയിടങ്ങളിൽ ഇത് തവിട്ട്,ചാരം, മഞ്ഞ തുടങ്ങിയ നിറങ്ങളിലാണ് കാണപ്പെടുന്നത്. ഈ മണ്ണിൽ വലിയതോതിൽ അടങ്ങിയിട്ടുള്ള ഇരുമ്പിന്റെ സാന്നിധ്യമാണ് ചുവപ്പ് നിറത്തിന്റെ പ്രധാന കാരണം.

**ലാറ്ററൈറ്റ് മണ്ണ്.**

കനത്തമഴയും വരൾച്ചയും മാറിമാറി അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ മണ്ണിലെ സിലിക്ക, ചുണ്ണാമ്പ് തുടങ്ങിയ ലവണങ്ങൾ ഊർന്നിറങ്ങൽ പ്രക്രിയയിലൂടെ നീക്കം ചെയ്യപ്പെടുന്നതിന്റെ ഫലമായി രൂപപ്പെടുന്നതാണ് ലാറ്ററൈറ്റ്മണ്ണ്. പീഠഭൂമിയിൽ പശ്ചിഘട്ടം, പൂർവഘട്ടം, രാജ്മഹൽ കുന്നുകൾ, വിന്ധ്യ-സാത്പുര പർവതങ്ങൾ, മാൾവപീഠഭൂമി തുടങ്ങിയ പ്രദേശങ്ങളിലാണ് മുഖ്യമായും ലാറ്ററൈറ്റ്മണ്ണ് കാണപ്പെടുന്നത്. പൊതുവെ ഫലപുഷ്ടി കുറഞ്ഞ ഈ മണ്ണിനംകൃഷിയോഗ്യമല്ലെങ്കിലും വളപ്രയോഗത്തിലൂടെ തേയില, റബ്ബർ,കാപ്പി, അടയ്ക്ക തുടങ്ങിയ തോട്ടവിളകൾക്കായി വൻതോതിൽ പ്രയോജനപ്പെടുത്തുന്നു.

**പർവതമണ്ണ്.**

ദക്ഷിണേന്ത്യയിൽ പർവതമണ്ണ് കാമപ്പെടുന്നത് പശ്ചിമഘട്ട-പൂർവഘട്ട മലനിരകളിലാണ്.കർണ്ണാടകം, തമിഴനാട്, കേരളം എന്നീ സംസ്ഥാനങ്ങളിൽ തോട്ടവിളകൾക്ക് പ്രത്യേച്ച് തേയില കാപ്പി, സുഗന്ധദ്രവ്യങ്ങൾ, ഉഷ്ണമേഖലാ പഴവർഗങ്ങൾ എന്നിവയുടെ കൃഷിക്ക് പർവതമണ്ണ് അനുയോജ്യമാണ്.

**(ബി)** ഉല്പന്നരീതി, വരുമാനരീതി, ചെലവുരീതി

**ഉല്പന്നരീതി**,

ഒരു സാമ്പത്തികവർഷത്തിൽ പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും മൊത്തം പണമൂല്യത്തെ അടിസ്ഥാനമാക്കി വരുമാനം കണക്കാക്കുന്ന രീതിയാണ് ഉല്പന്നരീതി. വിവിധ മേഖലകളിൽ നിന്നും ദേശീയവരുമാനത്തിലേക്കുള്ള സംഭാവന എത്രത്തോളമെന്ന് തിരിച്ചറിയുന്നതിനും അതത് മേഖലകൾക്ക് അർഹമായ പ്രാധാന്യം ഉറപ്പുവരുത്തുന്നതിനും ഇത് സഹായിക്കുന്നു.

**വരുമാനരീതി**

ഒരു സാമ്പ്തിക വർഷത്തിൽ ഉൽപാദനഘടകങ്ങളായ ഭൂമി, തൊഴിൽ(അധ്വാനം), മൂലധനം, സംഘാടനം എന്നിയ്ക്ക് ലഭിക്കുന്ന പ്രതിഫലങ്ങളായ പാട്ടം, വേതനം, പലിശ, ലാഭം തുടങ്ങിയവയുടെ പണമൂല്യത്തിന്റെ അടിസ്ഥാനത്തിൽ ദേശീയവരുമാനം കണക്കാക്കുന്ന രീതിയാണ് വരുമാനരീതി.

**ചെലവുരീതി**

ഒരു സാമ്പത്തികവർഷത്തിൽ രാജ്യത്തെ വിവിധ സാമ്പത്തിക പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും ആകെ ചെലവിന്റെ അടിസ്ഥാനത്തിൽ ദേശീയവരുമാനം കണക്കാക്കുന്ന രീതിയാണ് ഇത്.

സാമ്പത്തികശാസ്ത്രത്തിൽ സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിനു വേണ്ടിയുള്ള ചെലവിനൊപ്പം നിക്ഷേപവും ചെലവായാണ് പരിഗണിക്കപ്പെടുന്നത്. ഉപഭോഗചെലവ് നിക്ഷേപചെലവ് എന്നിവയോടൊപ്പം സർക്കാർചെല്വും അറ്റകയറ്റുമതി മൂല്യവും ചേർന്നതാണ് രാജ്യത്തിന്റെ ആകെ ചെലവ്.

28.**(എ)**

**കുടിയേറ്റം**

ഒരു പ്രദേശത്ത് നിന്ന് മറ്റൊരു പ്രദേശത്ത് സ്ഥിരമായോ താൽക്കാലികമായോ ജനങ്ങൾ മാറി താമസിക്കുന്നതിനെയാണ് കുടിയേറ്റം എന്ന് പറയുന്നത് .കുടിയേറ്റം രണ്ട് തരത്തിലുണ്ട് ആഭ്യന്തര കുടിയറ്റം രാജ്യാന്തര കുടിയേറ്റം. കുടിയേറ്റം ഒരു പ്രദേശത്തിന്റെ ജനസംഖ്യ ഘടനയിൽ മാറ്റം വരുത്തുന്നു.

**ആശ്രിതാനുപാതം**

15 ന് താഴെയും 64 മുകളിലും പ്രായഘടനയിൽ ഉള്ളവർ ആശ്രിത വിഭാഗത്തിൽ ഉൾപ്പെടുന്നു ജനസംഖ്യയിലെ ആശ്രിത വിഭാഗത്തെയും തൊഴിലെടുക്കുന്ന വിഭാഗത്തെയും താരതമ്യം ചെയ്യുന്ന മാനദണ്ഡത്തെുപ കായാന്തരിതശിലകൾക്ക് ആശ്രിതം അനുപാതം എന്ന് പറയുന്നു.ആശ്രിത അനുപാതം ഒരു രാജ്യത്തെ സാമ്പത്തികക്ഷമതയെ ഒരു പരിധിവരെ സ്വാധീനിക്കുന്നു

**ജനസംഖ്യപ്രായഘടന**

ജനസംഖ്യ ക്രമീകരണത്തിന്റെ പ്രധാനപ്പെട്ട സൂചകമാണ് ജനസംഖ്യ പ്രായ ഘടന ജനസംഖ്യ പുരോഗതി ശരാശരി ആയുർദൈർഘ്യം എന്നിവയിലുള്ള മാറ്റങ്ങൾ പ്രായഘടനയെ സ്വാധീനിക്കുന്നു

(ബി) ദക്ഷിണേന്ത്യയിലെ സമൂഹത്തിലും സമ്പദ് വ്യവസ്ഥയിലും ബ്രാഹ്മണർക്ക് ഉയർന്ന സ്ഥാനം ലഭിച്ചു. കൃഷി വികസിക്കുന്നതിന് കാരണമായി. രാജാക്കന്മാരും ഗ്രാമ ഭരണകൂടവും ജലസംഭരണികൾ നിർമ്മിച്ചും ജലസേചന സംവിധാനം ഒരുക്കിയും കൃഷിയെ പ്രോത്സാഹിപ്പിച്ചു.കൃഷിയുടെ ഉൽപാദനത്തിന്റെ മിച്ചം വ്യാപാരത്തിന്റെ പുരോഗതിക്ക് കാരണമായി.ആഭ്യന്തര വ്യാപാരത്തിനൊപ്പം സമുദ്ര വ്യാപാരവും വളർന്നു സമൂഹങ്ങൾ എന്ന കച്ചവട കൂട്ടായ്മകൾ രൂപപ്പെട്ടു . കോർകെ കായൽ പട്ടണം പെരിയപട്ടണം മുതലായ തുറമുഖങ്ങൾ വളർന്നു വന്നു.

**XXXXX**